**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 3219** — **16.12.2015-ൽ മറുപടിക്ക്**

## കോതമംഗലം ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോതമംഗലം ബ്ലോക്കിൽ ഗ്രാമവികസന വകുപ്പിന്റെ സ്വന്തം കെട്ടിടമുള്ള എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ട്; ഇവയിൽ ഏതെല്ലാം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; പല ഓഫീസുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 9 എണ്ണം. പോത്താനിക്കാട്, വാരപ്പെട്ടി, അടിവാട്, കടവൂർ, വടാട്ടുപാറ, നേര്യമംഗലം, ചെറുവട്ടൂർ എന്നീ 7 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഗ്രാമപഞ്ചായത്തിന് വിട്ടു കൊടുത്തിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാന പ്രകാരമാണ് മറ്റുള്ള ഓഫീസുകൾ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. |
| (ബി) പ്രസ്തുത ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഗ്രാമവികസന വകുപ്പിൽ നിന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തി വരുന്നുണ്ട്. |
| (സി) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ രണ്ട് ബ്ലോക്കുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) കോതമംഗലം ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുമോ? | (ഡി) | പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 22 ബ്ലോക്കുകളിൽ മാത്രമേ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം പരീക്ഷണാർത്ഥം നടപ്പിലാക്കുന്നുള്ളൂ. കോതമംഗലം ബ്ലോക്ക് പ്രസ്തുത പട്ടികയിലുൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ